ശ്രീ. വക്കം പുരുഷോത്തമൻ : ഈ പ്രശ്നം നമ്മൾ ഈ സഭയിൽ ചർച്ച ചെയ്തതാണ്. കൃഷിയുടെ സ്വഭാവമനുസരിച്ച് കൂടുതൽ ആളുകളെവിളിക്കാം ഒരു സീസണിൽ പെട്ടന്നു മഴപെയ്താൽ പിറ്റേദിവസം ഓപ്പറേഷൻസ് വേണം. പണ്ട് ജോലി ചെയ്തിരുന്ന തൊഴിലാളിയെ കൊണ്ടുമാത്രമേ ജോലി ചെയ്യിക്കാൻ പാടുള്ളുവെന്ന് പറയുകയാണെങ്കിൽ അഗ്രിക്കൾച്ചറൽ ഓപ്പറേഷന് തടസ്സമുണ്ടാകും. ഒരു കർഷകത്തൊഴിലാളി പല കർഷകന്റെ പാടങ്ങളിൽ പണിയെടുക്കുന്നവരാണ്. പെട്ടന്ന് മഴപെയ്യുന്നകിൽ എല്ലാ ആളുകൾക്കും പണി ചെയ്യേണ്ടതായി വരും. അപ്പോൾ തന്റെ രജിസ്റ്ററിലുള്ള തൊഴിലാളികളെ ചിലപ്പോൾ കർഷകന് കിട്ടിയില്ലെന്നുവരും. അങ്ങനെ കിട്ടാതെ വരുന്നതുകൊണ്ടുമാത്രം ജോലിചെയ്യിക്കാൻ കഴിയാതെ വരരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്, ഒരുപക്ഷേ ചിലരെങ്കിലും അത് ദുരുപയോഗപ്പെടുത്തുന്നെങ്കിലും ആ വകുപ്പ് എഴുതിച്ചേർത്തത് പുതിയതായി ആളുകളെ എടുക്കാൻ അവകാശം കൊടുത്തിട്ടുള്ളതുകൊണ്ട് ഒരു കാരണവശാലും തന്റെ രജിസ്റ്ററിലുള്ള തൊഴിലാളിക്ക് ജോലി നിഷേധിക്കാൻ പാടില്ല. അതുപോലെതന്നെ പ്രത്യേകമായി ജോലി നിഷേധിക്കുന്നതിനുവേണ്ടി മാത്രം അഞ്ചുതൊഴിലാളിയെആവശ്യമുണ്ടെങ്കിൽ പത്തുതൊഴിലാളിയെ വിളിച്ച് ജോലി ചെയ്യിക്കുകയാണെങ്കിൽ ഒരു പക്ഷേ നാളെ കുറെപേർക്ക് ജോലി നിഷേധിക്കാൻ കഴിയും. ഏതെങ്കിലും കർഷകൻ ആ നടപടി സ്വീകരിക്കുകയാണെങ്കിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു ഡിസ്പ്യൂട്ട് റെയിസ് ചെയ്യാനുള്ള അവകാശമുണ്ട്. ആവശ്യത്തിൽകൂടുതൽ തൊഴിലാളികളെ എടുത്തിരിക്കുന്നുവെങ്കിൽ അത് തർക്കവിഷയമാണ്. ഡിസ്പ്യൂട്ട്റെയിസ് ചെയ്യാം. ഡിസ്പ്യൂട്ട് റെയിസ് ചെയ്യുകയാണെങ്കിൽ അതിന് പരിഹാരം കാണാനുള്ള നടപടിക്രമങ്ങളും ഉണ്ട്. അത് പരിഹരിക്കാൻ കഴിയും.

ജാമ്യം ലഭിക്കാത്ത രാഷ്ട്രീയ തടവുകാരെ പകൽ സമയത്ത് ലോക്കപ്പ് ചെയ്യുന്നതായി പരാതി

* 31. [59] ശ്രീ. പിണറായി വിജയൻ : * താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. ഐ. ആർ. കേസുകളിൽ പ്രതികളായ രാഷ്ട്രീയ പ്രവർത്തകർക്ക് ജാമ്യം ലഭിക്കാത്തതുകാരണം ജയിലിൽ കഴിയേണ്ടിവരുമ്പോൾ അവരെ പകൽസമയത്ത് ലോക്കപ്പ് ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(സി) പകൽസമയത്ത് ലോക്കപ്പ് ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തിമന്ത്രി (ശ്രീ. എം. എൻ. ഗോവിനന്ദൻനായർ) ‡ :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

---

* Question put by Shri. M. Sathyanesan.

‡ On behalf of the Chief Minister, the Minister for Electricity answered the questions.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. സത്യനേശൻ : ഡി. ഐ. ആർ. പ്രതികളേയും അല്ലാത്തവരേയും നിയമവിരുദ്ധമായി ലോക്കപ്പ് ചെയ്തതിന്റെ ഫലമായി പല ലോക്കപ്പുകളിലും മർദ്ദനങ്ങളും കൊലപാതകങ്ങളും ഉണ്ടായിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? മലപ്പുറം ലോക്കപ്പിൽവച്ചും രണ്ടാഴ്ചക്കുമുമ്പ് പേട്ട ലോക്കപ്പിൽവച്ചും രണ്ടുപേരെ പോലീസ് മർദ്ദിച്ച് കൊലപ്പെടുത്തിയതായിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഇത് ഈ ചോദ്യവുമായി ബന്ധമുള്ളതല്ല. ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയോടാ ചോദിക്കേണ്ട ചോദ്യമാണ്. ഇവിടെ പ്രശ്നം ജയിലിൽ കിടക്കുന്ന ആളുകളെ പകൽ തുറന്നുവിടുന്നുണ്ടോ എന്നാണ്? ഇപ്പോൾ ജയിലിലുള്ള ഒരാളിനേയും പകൽ സമയത്ത് പൂട്ടി ഇടുന്നില്ല. അതുകൊണ്ടാണ് 'ബി'യും 'സി' യും ഉടിക്കുന്നില്ലായെന്ന് പറഞ്ഞത്. കാര്യങ്ങൾ വേറെ ഫോറത്തിൽ ചോദിക്കണം.

ശ്രീ. ടി. കെ. ചന്ദൻ : ബഹുമാനപ്പെട്ട മന്ത്രി പകൽ സമയത്ത് ഒരാളേയും പൂട്ടിയിടുന്നില്ലെന്നാണ് പറഞ്ഞത്. അത് ശരിയല്ല. കണ്ണൂർ സെൻട്രൽ ജയിലിൽ ഞാൻ അന്വേഷിച്ചതാണ്. അവിടെ വളരെ മാസങ്ങളായി ജയിലിൽ കിടക്കുന്നവരുണ്ട്. അവരെ പകൽ സമയത്ത് ലോക്കപ്പ് ചെയ്യുകയാണ്. അങ്ങനെ അല്ലെന്ന് മന്ത്രി നിഷേധിക്കുകയാണെങ്കിൽഅതെപ്പറ്റി അന്വേഷിച്ചിട്ട് വേണ്ടനടപടി സ്വീകരിക്കാൻ തയാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ബഹുമാനപ്പെട്ട മെമ്പർക്ക് ജയിലിൽ പോയി പരിചയമുണ്ടോയെന്ന് എനിക്കറി ഞ്ഞുകൂടാ സാധാരണ തടവുകാരെ പകൽ സമയത്ത് തുറന്നുവിടും. എന്നാൽ ചില ആളുകളെ സോളിറ്ററി ഇംപ്രിസൺമെന്റ് എന്ന് പറയുന്നവിഭാഗത്തിലുള്ള ആളുകളെ പൂട്ടിയിടും. സാധാരണ രീതിയിൽ ഒരു തടവുകാരനെയും പകൽ സമയത്ത് പൂട്ടിയിടുകയില്ല. അങ്ങനെ പൂട്ടിയിടുന്നുണ്ടെങ്കിൽ ആ കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അതെപ്പറ്റി അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. പി. കുഞ്ഞൻ : പാലക്കാട് സബ്ജയിലിൽ റിമാൻഡിൽഉള്ളതടവുകാരെ ഇരുപത്തിനാലു മണിക്കൂറും, പകലും രാത്രിയും ലോക്കപ്പിലാണ് വച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അങ്ങനെ യാതൊന്നും നടക്കുന്നില്ലായെന്ന്. ഒരുമാസം ഞാൻ ജയിലിൽ കിടന്നതാണ്. ഇതെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഒരന്വേഷണം നടത്തി വേണ്ട നടപടി സ്വീകരിക്കാൻ തയാറാകുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ലോക്കപ്പിൽ കിടക്കുന്ന തടവുകാരെ ഇരുപത്തിനാലു മണിക്കൂറും പൂട്ടിയിടുമായിരിക്കും. ജയിലിലെ കാര്യമാണ് ചോദിച്ചിരിക്കുന്നത്. സബ്ജയിലിലെ കാര്യത്തെപ്പറ്റി അന്വേഷിക്കാം.

ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിബഞ്ചർ സ്കീം

* 32 [60] ശ്രീ പി. ആർ. ഫ്രാൻസിസ്:

,, പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് 9 am.] വിദ്യുച്ഛക്തി മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഇലക്ട്രിസിറ്റി ബോർഡ് ഡിബഞ്ചർ സ്കീം തുടങ്ങിയതിനുശേഷം എത്ര കൺസ്യൂമർമാർ സ്കീമിൽ പണം അടച്ചിട്ടുണ്ട്; എന്തു തുക പിരിഞ്ഞുകിട്ടി;